ഭൂമി കൈമാറ്റം

110(2989) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വളപട്ടണം വില്ലേജിലെ റീ-സർവ്വേ 33/1- ൽപ്പെട്ട 1.51 ഏക്കർ ഭൂമി സി.എച്ച്. മുഹമ്മദ്കോയ സ്മാരക ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, വളപട്ടണത്തിന്, ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറുന്നതിനായി നൽകിയിരുന്ന അപേക്ഷയിൽ റവന്യൂ വകുപ്പിലുള്ള 38710/എൽ2/റവ. നമ്പർ ഫയലിൽ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ കോഴിക്കോട് കളക്ടറേറ്റിൽ നിലവിലുള്ള എൽ1/2014/36280/11 നമ്പർ ഫയൽ പ്രകാരം ഭൂമി കൈമാറ്റ ശിപാർശ സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ തലശ്ശേരി സബ്കളക്ടർ ഓഫീസിൽ നിലവിലുള്ള സി/11554/14 നമ്പർ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ വിഷയത്തിൽ പെർമിസീവ് സാങ്ഷനെങ്കിലും അടിയന്തരമായി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. കണ്ണൂർ വളപട്ടണം വില്ലേജിലെ റീ-സർവ്വേ 33/1-ൽപ്പെട്ട 1.51 ഏക്കർ ഭൂമി സി.എച്ച്. മുഹമ്മദ് കോയ സ്മാരക ഗവ. ഹയർസെക്കണ്ടറി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിന് ഭൂമി കൈമാറി കിട്ടുന്നതിന് നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നതാണ്.

(ബി) ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി&ഡി) പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 4-12-2015-ന് തലശ്ശേരി സബ് കളക്ടർ സ്ഥലം നേരിട്ട് സന്ദർശിച്ചിരുന്നു. മേൽ ഭൂമി കോഴിക്കോട് ജില്ലാ കളക്ടറുടെ അധീനതയിലുള്ള ഭൂമിയായതിനാൽ ഭൂമി കൈമാറ്റ ശുപാർശ കോഴിക്കോട് ജില്ലാ കളക്ടർ മുഖാന്തിരം ഉടൻ സമർപ്പിക്കുന്നതാണ് എന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ഭൂമി മണ്ണിട്ട് നികത്തിയത് സംബന്ധിച്ച പരാതി

111(2990) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly